Bhīman-katha

1905

C i
XIV
290

Kps. 48

N12<522987535 021
LS
ubTÜBINGEN

G. HIPP
Schreibwarenhandlung
Buchbinderei
UNTERHAUSEN/TEL. 267

P
ndlung
ei
/TEL.267

# ഭീമൻകഥ.

"വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം
ഉടമസ്ഥർ സുബ്ബയ്യാകൊന്നാട്ടു
റെഡ്യാരുടെ ചിലവിന്മേൽ
ടി-അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

൨൦-ാം പതിപ്പു്.

൩൦൦൦-കാപ്പികൾ.

൧൦൮൦.

UNIV. BIBL.
TÜBINGEN

# ഭീമൻകഥ.

## ഹിഡിംബവധവും ബകവധവും.

അംബുജവൈരികുലത്തിലുളവാകിയ പാണ്ഡവരഞ്ചും * അമ്മയുമായൊരുനാളിലരക്കില്ലവും വെന്തുനടന്നു * അന്നവിലദ്വാരം പുക്കു കുന്തിപുത്രരുമായ് നടകൊണ്ടു * മാത്രപ്പുഴയ്ക്കലും ചെന്നു കുറവി തീരം കടപ്പതിന്നായി * തോണിപ്പുഴയുടയോനെക്കണ്ടു വേദനയോടു പറഞ്ഞു * തോണിപ്പുഴയുടയോനേ എന്നെയക്കരേയ്ക്കങ്ങിറക്കേണം * തോണികടക്കണമെങ്കിൽ തോണിക്കൂലിയെട്ടപ്പിൻ വൈകാതെ * തോണിക്കൂലിക്കൊരു പായം കഴിവില്ലപുഴയുടയോനേ * കൂലിക്കുപായമില്ലെങ്കിൽ നിന്റെ ബാലരിലൊന്നു തന്നാലും * അഞ്ചിതം നെഞ്ചിൽ കരുതി കുന്തി ചഞ്ചലം പൂണ്ടുഴന്നു * അന്നേരം ഭീമൻ പറഞ്ഞു തന്റെ മാതാവിനോടു സദൃശം * ഞാനുമിവിടെ നിന്നീടാം നിങ്ങൾ വേഗം കടന്നങ്ങു പോവിൻ * എന്നതു കേട്ടോരു നേരം കുന്തി നേത്രാംബുമാവിലൊഴുക്കി * വമ്പൻ പുഴയുടയോന്റെ കയ്യിൽ പുത്രനെ മെല്ലെക്കൊടുത്തു * ധർമ്മസഹോദരന്മാരും കുന്തിവന്നിപ്പുതീരം കടന്നു * ആടലാസ്സാതാവിനപ്പോൾ മന്ദം പൊന്നങ്ങു വെള്ളിത്രീയാൽ കരൽ * ആരേത്തറകേറിയിരുന്ന തന്റെ പുത്രനെയോർത്തു കരഞ്ഞു * അന്നേരം ധർമ്മജൻ ചൊല്ലി മാതൃദുഃഖം കെട്ടപ്പോൻ പായം * നാലുനാളുള്ളിലിവിടെ എന്റെ സോദരൻ വന്നീടുമമ്മേ! * ധർമ്മജനേവം പറഞ്ഞു ധർമ്മസമ്മതയായി മാതാവും * മായുതനയനെ

നോക്കി വീരൻ വമ്പൻപുഴയുടയോനും * ശാ
സ്ത്രാസ്ത്രശുശ്രൂഷകൾനീയും ഒരുവാട്ടം വരാതെ ചെയ്യേ
ണം * അങ്ങനെയാമെന്നു ചൊല്ലി ഭീമസേനനു
സമ്മതമായി * നിത്യംകുളിപ്പതിനുള്ള വെള്ളം
കാച്ചേണമെന്നു പറഞ്ഞു * ഊററമായുള്ളൊരു
ചെമ്പു ഭീമസേനന്റെ പക്കൽ കൊടുത്തു * ബാ
ലകൻ ചെമ്പെടുത്തു മറപ്പുള്ളിടമതിൽപ്പു
ക്ക * ചെപ്പുകുടംകൊണ്ടുടുത്തു വെള്ളംകോരിച്ചൊ
രിഞ്ഞു നിറച്ചു * അഗ്നിയുംകത്തിച്ചു നന്നായ് വെ
ള്ളംകാഞ്ഞു തിളച്ചു തുടങ്ങി * ഘോരികവേഗംകു
ള്ള്യാന് ന് നാഴിക തെററരുതൊട്ടും * പോരാൻ
മടിയുണ്ടെന്നാകിൽ പ്രാണനാഥേ! വിരവിലെട്ടു
പ്പൻ * എന്നു പറഞ്ഞുടൻ ഭീമൻ വേഗംകാൽക
രം കൂട്ടിപ്പിടിച്ചു * മെല്ലെയവിടുന്നെടുത്തു തിള
വെള്ളത്തിലങ്ങു മറിച്ചു * കാർക്രന്തൽ പററിപ്പി
ടിച്ചു തിളവെള്ളത്തിലിട്ടൊന്നുലച്ചു * അസ്ഥി
യുമൊക്കെ മറിഞ്ഞു അവൾ മൃത്യുവശഗതയായി *
ചത്തെന്നു കണ്ടൊരു നേരം ഭീമൻ മറെറാരു ചെ
മ്പെടുത്തു * ചിത്രത്തിൽ വെച്ചങ്ങുമൂടിയോടി
ച്ചെന്നു കടവിലന്നേരം * കുന്തികുമാരനെക്കണ്ടു
വീരൻ വമ്പൻപുഴയുടയോനും * അമ്മയ്ക്കു നല്ല
സുഖമോ സുതാ എന്തിനിങ്ങോട്ടിപ്പോൾ പോന്നു
* അമ്മ കുളിച്ചു സുഖമായ് നല്ല സ്വാദുതപമുണ്ടുള്ള
ജിച്ചു * വൈരൂപ്യമായുള്ളിരിക്കുന്നു ഒരുനാളും ല
യമില്ലവൾക്കു * ഓട്ടംകടുത്തേണമിപ്പോളിനിക്കാ
ലസ്യം ഭാരംമകനെ * എന്നുരചെയ്യോരുനേരം
ഭീമനപ്പോളവനോടു ചൊല്ലി * അങ്ങുന്നുതോണി
ന്നടുവിൽ ഒരുവാട്ടം വരാതെയിരിക്ക * അങ്ങോട്ടു
മിങ്ങോട്ടും വേഗം തുഴഞ്ഞാൻ വലിച്ചുങ്ങിറക്കീടും

bi XIV 290. Kps. 48

* സന്തോഷമുള്ളിൽകരുതി വീരൻ വമ്പൻപുഴ
യുടയോരം * തോണിനടുവിൽകരേറി ഭീമൻ
ഉററമായൊന്നുവലിച്ചു * തോണിനടപ്പുഴതന്നി
ൽ ചുഴന്നാമ്മാറു കീഴ്പ്പോട്ടുതാണു * തോണിപ്പു
ഴയുടയോരംമുങ്ങി നീന്തിത്തുടിച്ചുതുടങ്ങി * കാ
ലുംകരവുംതള്ളന്നു അവൻ കണ്ണുമിഴിച്ചുതുടങ്ങി *
വല്ലാതെകൊല്ലരുതെന്നു ഭീമസേനനുമുള്ളിലുറ
ച്ചു * കാൽകരംകൂട്ടിപ്പിടിച്ചു ഭീമനക്കരെക്കങ്ങോ
ട്ടെറിഞ്ഞു * വായിലെനാവുംപറിച്ചു അവൻ ത
ന്നെയുംതള്ളിയങ്ങിട്ടു * വേഗംകുതിച്ചങ്ങുചെന്നു
മാതൃപാദാംബുജവുംവണങ്ങി * അഗ്രജപാദം
തൊഴുതുതന്റെ സോദരന്മാരെപ്പുണർന്നു * ദുഃഖ
വുംതീർന്നിതുകുന്തി തന്റെ പുത്രരുമായ് നടകൊ
ണ്ടു * കാടതിൽചെന്നങ്ങുപുക്കവരുള്ളുകുഴഞ്ഞാണെന്നു
ദേവിക്കനേരം * തെററന്നുഴറിനടന്നു ചെന്നു പു
ക്കഹിഡിംബവനത്തിൽ * അർക്കനുമസ്തമിച്ചു
പ്പോൾ ഘോരം കാട്ടിലാമ്മാറന്നു ദേവി * പുത്ര
രോടുംദുഃഖമാർന്നക്കുന്തിക്കാലസ്യമായിതന്നേരം *
വെള്ളം കുടിയാഞ്ഞു പാരം കുന്തിദേവിക്കുമാലസ്യ
ന്യമായി * വായുതനയ!മകനേ!വേഗം വെള്ളം
കൊണ്ടുവന്നുതരേണം * മാതാവുചൊന്നതുകേട്ടു ഭീ
മൻ വേഗംവനത്തിൽകടന്നു * കണ്ടിതിഡിംബ
വനത്തെ വിശ്വവിസ്മയമെന്നകണക്കെ * ഗോപു
രംനാലുദിക്കിലുംനല്ല വ്യോമമാർഗ്ഗത്തോളംകാ
ണായ് * പശ്ചിമഗോപുരദേശേ നല്ല പൂഞ്ചിറ
കണ്ടുതെളിഞ്ഞു * ബദ്ധരോഷത്തോടിറങ്ങിത്തോ
യപാനവുംചെയ്യുന്നനേരം * മട്ടോൽമൊഴിയാ
ളിഡിംബികളിച്ചാനന്ദമായ് നില്ക്കുന്നേരം *
അംഗനമാരോടുകൂടിച്ചില സംഗവിനോദംപറ

ഞ്ഞു * ഗംഗയിൽസ്നാനവുംചെയ്യും നരപുംഗവ
നെക്കണ്ടവളും * ചഞ്ചലംനെഞ്ചിൽകരുതി മ
ണ്ടിച്ചെന്നിതുഭീമസമീപെ * മാരാർത്തിപൂണ്ടുപ
റഞ്ഞിതപ്പോൾനാരീമണിയാമിഡിംബി * എ
ന്നോടുകൂടെ വരിക നല്ല സ്വാദുത്വമുണ്ടുവസി
ക്കാം സ്വൈരമായങ്ങുറങ്ങീടാംസുഖംനല്ലുവണ്ണം
വരുംമേലാൽ * ദുർവ്വാക്കുകേട്ടൊരുഭീമൻ നന്നായ്
കോപിച്ചവളോടുചൊല്ലി * പോടിനിശാചരി!
മൂഢ! നിന്റെശാഠ്യങ്ങൾഞാനിങ്ങറിഞ്ഞു *
പോകയ്ക്കിച്ചിന്നുഞാനിന്നിനൊ ഇപ്പോൾ കാല
പുരത്തിന്നയപ്പൻ * എന്നതുകേട്ടുഹിഡിംബി
മന്ദംചെന്നാളിഡിംബസമീപെ * പാരംപരി
താപംപൂണ്ടു തന്റെ സോദരനോടുപറഞ്ഞു *
മാർത്താണ്ഡബിംബസമാനൻ നല്ല രാജകുമാരക
വീരൻ * തോഴിമാരൊന്നിച്ചുഞാനുംകുളിച്ചങ്ങി
രുന്നിൽക്കുന്നനേരം * എന്നോടടുത്തവൻവന്നു
എന്റെ മെയ്യേൽതൊടുന്നതിന്നായി * കണ്ടു
പേടിച്ചുഞാനോടി എന്റെ കാല്യംകരവും തള്ള
ന്നു * പോയീലവനവിടുന്നു വേഗം ചെന്നാലവ
നെക്കണ്ടീടാം * എന്നതുകേട്ടൊരുനേരം അവ
ൻ കോപത്തോടൊന്നങ്ങലറി * കഷ്ടംമനുഷ്യ
ൻവന്നെന്റെ ചിറതൊട്ടവനെവധിക്കേണം *
പെട്ടന്നുവന്നൊരുകോപം ഇന്നു പോക്കുവനെ
ന്നുരചെയ്തു * നന്നായ് ചിരിച്ചൊന്നലറി അവ
ൻ മുഷ്ടിചുരുട്ടിനടന്നു * ഭീമനെക്കണ്ടങ്ങവനും
അതിഭീമമായൊന്നങ്ങലറി * ദംഷ്ട്രംകരാളംക
ണ്ണക്കൊനീട്ടി ദന്തംകടിച്ചുപൊടിച്ചു * ദൃഷ്ടിയു
രുട്ടിമിഴിച്ചു കനൽക്കട്ടചിതറുമാറേററം * അട്ട
ഹാസംചെയ്തലറി മുട്ടനെട്ടാശചെപ്പോട്ടുമാറപ്പോ

ൾ * ഏററംകയർത്തങ്ങടുത്തു അവനൂററമായൊ
ന്നങ്ങടിച്ചു * ആയടിഭീമൻപിടിച്ചു തന്റെമ്പാ
മുഷ്കരംകൊണ്ടൊന്നടിച്ചു * ആയടികൊണ്ടൊ
രുനേരമവനാലസ്യംപാരമുണ്ടായി * എന്നാലുമു
ണ്ടൊരുനേരംഭീമസേനനെയൊന്നുപറഞ്ഞു * നി
ന്നോടുഞാനെന്തുചെയ്തപ്പിന്നൊ എന്നോടു വന്നി
ങ്ങെതൃപ്പാൻ * നേരുംനേരുകേടും ന്യായംവഴിക
ളുമറിയേണമിപ്പോൾ * എന്നോടെതിർപ്പാൻ നി
നക്കിന്നൊരു യോഗ്യതയില്ലെന്നറിയേണം എന്നു
പറഞ്ഞുടൻ ഭീമസേനൻപിന്നെയുംഒന്നങ്ങടിച്ചു
* ആയടികൊണ്ടങ്ങസുരൻ ചുഴന്നമ്മാറുഭൂമി
യിൽവീണാൻ * അല്പനേരംകഴിഞ്ഞപ്പോൾഅവ
നൂററമായൊന്നങ്ങലറി * ഏററംമുഴുത്തങ്ങിഡിം
ബൻവായുനന്ദനനെപ്പിടിപെട്ടു * മല്ലിദ്ധ്രയോ
ഗംതുടങ്ങി മതിദുഷ്ടൻനിശാചരനപ്പോൾ * കാ
ണിക്കിടം തുടരാതെ അവർയുദ്ധം തുടർന്നുനേ
രം * ഭീമനുംദീനതപൂണ്ടു പാരമാലസ്യമായിതാ
ന്നേരം * വേർപിരിയാതവർദ്ദുരെപ്പോസ്സിപാ
രിച്ചു നില്ക്കുന്നനേരം * തോററുവെന്നുള്ളിലുറച്ചു
മഹാദുഷ്ടൻ ഹിഡിംബ നന്നേരം * വന്മരംപ
ററിപ്പറിച്ചു ഇലയുരിയവനെ അടിച്ചു * ആയടി
മാറിത്തടുത്തുതന്റെഅപ്പനെയുള്ളിൽനിനച്ചു *
ശ്രീഗദകയ്യിലെടുത്തു ഭീമസേനനു മൊന്നങ്ങടി
ച്ചു * ആയടികൊണ്ടങ്ങസുരൻ ചുഴന്നാമ്മാറുഭൂമി
യിൽവീണു * കൊല്ലല്ലേവായുതനയനിനക്കിഷ്ട
മാംവണ്ണമിരിക്കാം * ഞാൻചെയ്തതൊക്കെപ്പൊ
റുക്കധനധാന്യങ്ങളൊക്കെ തന്നീടാം * എന്നി
ഡിംബൻ പറഞ്ഞപ്പോളവയൊന്നും നിനക്കാ
തെഭീമൻ * ക്രോധം മുഴുത്തസുരന്റെ ദേഹംമ

സ്സമായ് ധൂളിച്ചന്നേരം * ദേവകൾക്കാപത്തൊ
ഴിഞ്ഞു മുനിമാശ്രമങ്ങൾക്കും സുഖമായ് * വ
ന്മൻ ഹിഡിംബനെക്കൊന്നു ജലംകൊണ്ടുപോ
കുന്നൊരുനേരം * പിന്നാലെക്കൂടി ഹിഡിംബി
അപ്പോൾ ഭീമൻപറഞ്ഞവളോടു * നീയുമിന്നെ
ന്നോടുകൂടി പോരാതെന്തൊരു കാൎയ്യസിദ്ധാന്തം
* താനെന്നെരക്ഷിക്കവേണം ഇതിതാനൊഴി
ഞ്ഞൊരുള്ളിനിക * തമ്മിലന്യോന്യം പറഞ്ഞുകു
ന്തിദേവീസമീപത്തുചെന്നു * മാതാവിന്നു ജലം
നൾകി തോയപാനവും ചെയ്തുവരപ്പോൾ *
ആനന്ദസോദര! ഉണ്ണി നിനക്കെങ്ങുന്നുകിട്ടിയി
വളെ * ഉണ്ടായവാൎത്തകളെല്ലാം തന്റെമാതാ
വിനോട പറഞ്ഞു * ദുഷ്കരംനീചെയ്ത കാൎയ്യം
ബഹുവിസ്മയമെന്നുമറിക * വൃത്താന്തമിങ്ങനെകേ
ട്ടുധൎമ്മപുത്രരുമൊന്നങ്ങുരച്ചു * ധാത്രീപതിസുത
കേൾക്ക ഒരുതീൎത്ഥമാടേണം നമുക്ക എന്നുപറ
ഞ്ഞതു കേട്ടുനിജധൎമ്മ സഹോദരന്മാരും * തെ
റ്റെന്നുഴറി നടന്നു ചെന്നു പുക്കിതു ഒരുഗ്രാമ
ത്തിൽ * *

ഉത്തരത്തിലൊക്കെനടന്നഭയമുണ്ടായ് വസിക്ക
ന്നനേരം * ഉത്തരത്തിലൊക്കെനടന്നുകുന്തി സഞ്ചരി
ക്കുന്നൊരുനേരം * ഏകനൊരുവിപ്രൻ തന്റെഉ
ല്ലത്തന്തണ സ്ത്രീകരയുന്നു * അന്തണസ്ത്രീദുഃഖം
കേട്ടുകുന്തി ചിന്തിച്ചവിടെ ക്കേറി * അന്നു
ചോദിച്ചു കുന്തിയവൾ വേദനയോടുപറഞ്ഞു *
ഈഗ്രാമത്തിൽ പ്രഭയോടെ ഞങ്ങൾക്കൈശ്വരമാ
യ്യുഴന്നകാലം * എങ്ങുന്നുവന്നോരസുരൻആൎക്കും
ധാരണയില്ലമാതാവെ * ആരണരൊക്കെകുളിപ്പാ
ൻചിറതന്നിൽഇറങ്ങിയനേരംഉത്തരിൽകടന്നാവ

ൻവനത്തിലെഉണ്ണികളേയും ഭുജിച്ചു * ഗോക്കളെ
യൊക്കവെകൊന്നു തിന്നു വൃദ്ധരാംവിപ്രരെകൊ
ന്നു * അന്തണസ്ത്രീകളെകൊന്നു ഞങ്ങൾക്കത്താർ
വരുത്തിയസുരൻ അഞ്ചുദിവസമിങ്ങേവമവൻച
ഞ്ചലംകൂടാതെചെയ്താൻ * അഞ്ചാമനസ്സാമസുരാ
ങ്ങൾചൊല്ലുന്നവാക്കുകൾകേൾക്ക * ഒന്നാലെ
കൊന്നുമുടിച്ചാൽപിന്നൊരുന്മാൻനിനക്കില്ലകൊ
റവും * വിപ്രവചനങ്ങൾകേട്ടു ബകൻസുപ്രസാദം
നിറഞ്ഞുള്ളിൽ അപ്പോൾപറഞ്ഞാസുരേശൻദി
നംനിത്യവുമുള്ളകണക്കേ * ആയിരംനാഴിഅരി
യുംഅഴകോടതുവച്ചുംചമച്ചു നൂറുകുടത്തിൽരസാ
ളംശുഭമേററമിനിക്കുപ്രസാദം * പച്ചയിറച്ചി
ഭുജിപ്പാനൊരുമാനും വൃഷഭവുംപോത്തും * കേ
വലമോട്ടനാചാടിൽ കേററി കേട്ടവരാതെതരേ
ണം * നിത്യവും കൊണ്ടുതരേണംനിങ്ങളോരോ
ത്തരോരോ ദിവസം * കൊണ്ടുവരാൻ വൈകി
യെന്നാൽ കൊന്നുപാടെയൊടുക്കും മുടിക്കും *
അങ്ങിനെസമ്മതിച്ചപ്പോൾ ഞാം നിന്നാലേയാ
വോളമെല്ലാം * ഇന്നിനിഞങ്ങടെ കഴ്വാൽബക
ന്മാൻ കൊടുക്കണം തായെ! * കോപ്പുകളൊ
ക്കവെകൂട്ടി കൊണ്ടു പോവതിനാരുമേയില്ല * മാ
മറയോനും മകനും ഞാനും തന്നെയതൊള്ളു മാ
താവേ * ഉണ്ണിയെച്ചൊല്ലി യയച്ചാലെന്റെ
ഉദകക്രിയക്കാരുമില്ല * മാമറയോനെയയച്ചാ
ലെന്റെ മംഗല്യസൂത്രംമുടങ്ങും * ആരിനിപ്പോ
കുന്നതമ്മെ മകനൊന്നെയിനിഉള്ളു കഷ്ടം *
വേദനപൂണ്ടങ്ങുഭർത്താ വിപ്പോൾ ദീനതപൂണ്ടുഴ
ലുന്നു * ഹാഹാവിധിദൈവമെന്നുകേണുപിന്നെ
യുംവൻമുറയായി * അന്തണസ്ത്രീദുഃഖം കണ്ടുക

ന്തിരേവിക്ക സങ്കടംപൂണ്ടു * ആരണനാരി ത
ന്നോടു മല്പ്പോളിമ്പംവരുമാറുചൊല്ലി * കമ്പം
കലരാതിരിക്ക കഴിവുണ്ടാക്കുവാൻഞാനുമല്ലേ *
അഞ്ചൊണ്ടുമക്കളിനിക്കു അതിലൊന്നിനെഞാ
ൻതരുന്നുണ്ടു * സങ്കടംതീൎന്നില്ലയെങ്കിൽ അതി
നഞ്ചിനേയുംതരുന്നുണ്ടു * സങ്കടംതീൎന്നിരുന്നാ
ലും എന്നുവേദിയസ്ത്രീയോടുചൊല്ലി * കുന്തീവ
ചനങ്ങൾ കേട്ടുമനംനന്നായ് കുളുൎത്തുപറഞ്ഞു *
കത്തിയെരിയുന്നതീയിൽ കുളുർവെള്ളംചൊരി
യുന്നപോലെ * ഉള്ളകമൊക്കെ തണുത്തുഎ
ൻെറ തള്ളയെന്നുംചൊല്ലിനിന്നു * കൊല്ലുവാ
ൻകൊണ്ടുപോകുന്നജനംതന്നെ രക്ഷിക്കുന്നപോ
ലെ * വെള്ളത്തിൽവീണു മരിക്കുന്നോരെത
ന്നെ രക്ഷിക്കുന്നപോലെ * പ്രാണരക്ഷാത്രം
ചെയ്യുന്നജനം മാതാവിനുതുല്യമമ്മേ! * ഉള്ളി
ലെവേദനയെല്ലാം പൊറുപ്പാറായി ഭേദം മക
നെ * നല്ലതുമേലിൽവരേണംനിങ്ങൾക്കല്ലാതെ
യില്ലപറവാൻ * നാരായണയെന്നുചൊല്ലിനാ
മിഖേദവുമുള്ളിലടക്കി * വിപ്രരെരക്ഷിപ്പതി
ന്നു തൻെറ പുത്രനെക്കണ്ടുപറഞ്ഞു * വീരൻബ
കൻ ചെയ്യുന്നത്രം വിപ്രരോടുള്ള ഹമ്മതിയെ
ല്ലാം * ധൎമ്മജനാദിയായുള്ള സുതന്മാരോടുചൊ
ല്ലിമാതാവും * അഗ്രജനാകുന്ന പുത്രനപ്പോളശ്രേ
യനുവാദം നൽകി * മുക്തിവരുത്തണമെന്നു ത
ൻെറ ഭീമനെ കണ്ടുപറഞ്ഞു * മാതാവുചൊന്ന
തുകേട്ടു ഭീമനാമെന്നുചൊല്ലിനടന്നു * വേദനകൂ
ടാതെ ചെന്നുഭീമൻ വേദിയരോടു പറഞ്ഞു * ക
ഷ്ടംപൂണ്ടുസുരന്നു നിങ്ങളുമ്മാൻ ശ്രമിച്ചതെ
പ്പേരും * എന്നുടെപക്കൽതരികപക്ഷെ ഞാ

നങ്ങൾക്കൊണ്ടുവന്നീടാം * എന്നു പറഞ്ഞതുകേ
ട്ടുഭീമൻ ചൊല്ലിയതെല്ലാം കൊടുത്തു * ചെപ്പു
ക്കുടംകൊണ്ടുവന്നു ചെമ്പിൽവെച്ചു കുട വെള്ളംകോ
രി * ആയിരംനാഴിഅരിയും അഴകോടെകഴുകി
കൊടുത്തു * ആനന്ദമുള്ളിലുറച്ചു ഭീമൻ നന്നാ
യ്പചിച്ചുതുടങ്ങി * അഞ്ചുകറികളുള്ള വട്ടംക്ഷിപ്രം
കൊണ്ടു ചമച്ചുടൻഭീമൻ * ചുക്കുമുളകു പൊടി
പ്പിൻ ചെറുജീരകം നന്നായരപ്പിൻ * ഇതുങ്ങളി
ലേവം നറുനെയ്ക്കൂട്ടി വേഗത്തിലങ്ങു പകർത്തി *
ക്കൂട്ടിയിളക്കി മറിച്ചു പുകതട്ടാതെ മെല്ലെനിറ
ക്കി * തൊട്ടികൾ വട്ടിനിരത്തി അതിലൊക്കെ
നിറച്ചുതുടങ്ങി * മൈക്കണ്ണിമാരെ! വരുവിൻനി
ങ്ങളിക്കറിയുപ്പുനോക്കിൻ * ഉപ്പില്ലയെ
ങ്കിൽകൊതിയൻ ബകനൊക്കുകയില്ലനറിക *
അഞ്ചുകറിയും ചമച്ചു ഭീമനഞ്ചാതെയുള്ളിലുറച്ചു
ന്നുകുടത്തിൽ രസാളംനിറച്ചുമ്മാറു വായ്കെട്ടി
വെച്ചു * മാനുഷവൃഷഭവും പോത്തും പിന്നൊപ്പം
രാതെകൊണ്ടുനുകെട്ടി * പോത്തുകൾരണ്ടുംവ
രുത്തി പൂട്ടി വാട്ടിൽകരേറ്റിത്തുടങ്ങി * വട്ടിക
ൾതൊട്ടിനിരത്തി ഒരുവാട്ടം വരാതെ കരേറ്റി *
ന്നുകുടത്തിൽ രസാളങ്ങളും വാട്ടംവരാതെക
രേറ്റി * ചോറുംകറികളുമെല്ലാമൊരു കുന്നു
പോലെ കരയേറ്റി * ആട്ടിഅടിച്ചുതുടങ്ങി ഭീമ
ൻ കൂട്ടക്കൂടാതെയന്നേരം * സമയം കഴിഞ്ഞു
നെറിവുംകെട്ടു വരുവീലയെന്നുറച്ചു * കാട്ടി
ൽകരേറിയന്നേരം ബകൻതെട്ടമാറൊന്നലല
റി * അട്ടഹാസംകേട്ടനേരം ഭീമൻതെട്ടമാ
റൊന്നലറി * ചാരിച്ചുകോപം മുഴുത്തു ബക
ൻതുരത്തുവാങ്ങിയിരുന്നു * ഇന്നരഞ്ഞാൻ ഗ്രാമംമു

ട്ടിച്ചു വിപ്രവംശത്തെയൊക്കെമുടിപ്പൻ * ചീ
റ്റംകലൎന്നുകൊതിയൻ കോപംവൎദ്ധിച്ചിരിക്കു
ന്നനേരം * പെട്ടന്നച്ചെന്നുസമീപെ ഭീമൻ
കോപ്പുകൾ കൂട്ടിത്തുടങ്ങി * നേരിട്ടൊന്നുംപറ
യാതെ നിന്നനേരത്തുഭീമൻപറഞ്ഞു * ആരാ
ന്നതെന്നൊരുചോറു അഴകോടിത്തു കൊണ്ടുവ
ന്നു * അറിയാതെ യുണ്ടുകൊണ്ടാലും ഒരുമഞ്ച
ലും വേണ്ടാമനസ്സിൽ * നേരിട്ടുവിപ്രരോടിന്നു
നിന്റെയുഷ്മതയിന്നറിയണം * ബ്രാഹ്മണ
ൻതന്നെപശുപോറു മതിയാവോള മുണ്ടുകൊണ്ടാ
ലും * ആരാംൻറപോററിങ്ങാശ കൊതിയു
ണ്ടാകയതെന്നറിക * ആണിന്നു ചേരുന്നതല്ല
നിന്റെയുള്ളതെന്നുഭീമൻപറഞ്ഞു * കാണുന്ന
തൊല്ലിന്ന് രുന്ന കറിയിട്ടങ്ങുകൂട്ടികുഴച്ചു * ഓ
രോരോപിണ്ഡമുരുട്ടി ഒന്നൊന്നും തൂടരാതെ
വെച്ചു * പാരാതെഭീമൻബകന്റെ മുമ്പിൽ
വെന്നനന്നായ്നന്നുമോടെ * ഓരോരോ പിണ്ഡ
മെടുത്തു പിന്നെയുണ്ണുന്നകോപ്പിട്ടുഭീമൻ * ഓ
രോന്നെ മെല്ലെവിഴുങ്ങും പിണ്ഡങ്ങളിലിരു
ന്നാരുമെണ്ണം * വേണംനിനക്കെങ്കിൽ വാടാ
നോക്കുകൊണ്ടവൻ നീട്ടിവലിച്ചു * പിന്നയും
പിണ്ഡമെടുത്തുഭീമൻ കാട്ടിവലിച്ചുവിഴുങ്ങും *
കണ്ടന്നഹിയാഞ്ഞരക്കൻ കടകണ്ണുംകട്ടക്കെച്ചു
റത്തി* പല്ലുംകടിച്ചവൻ ചൊല്ലീടവൻ മെല്ല
നടന്നരമെയിത്ര ധിക്കാരമെല്ലാം നിനക്കങ്ങാ
രു നാഴ്ക്കാരമെന്നറിയേണം * ഇന്നുഞാനുണ്ണു
ന്നകൊണ്ടു ഒരുഖേദംനിനക്കുള്ളിൽ വേണ്ടാ *
ഭീമനെന്നെക്കൊന്നു ഭുജിച്ചാൽപിന്നെന്നുള്ളി
ലാകമിതെല്ലാം * എന്നുപറഞ്ഞുകേട്ടബകൻ

കുന്നിൻശകലങ്ങളുംകൊണ്ടു * വേറുവിടാതെ അ
വേറുവിടാതെ അരക്കൻ മെല്ലെ ഏറുതുടങ്ങിയ
നേരം * ഏറുകളൊക്കെത്തടുത്തു ഭീമൻ ഊണു
കഴിഞ്ഞെഴുനീററു * വേറുവിടാതെയരക്കൻ വൃ
ക്ഷംചെന്നിലയുരിപ്പറിച്ചു * ഖിന്നത പൂണ്ടസുര
ന്റെ ചോറുമുണ്ടുകൊണ്ടിന്നുതല്ലി * ആയടി
മാറിത്തടുത്തു ഭീമനസുരനെയുള്ളിൽ നിനച്ചു *
ശ്രീഗതകയ്യിലെടുത്തു ഭീമൻവേഗമോടൊന്നങ്ങ
ടിച്ചു പിന്നെപ്പിടിച്ചവർതമ്മിൽ യുദ്ധം വട്ടമി
ട്ടങ്ങു പൊരുതും * വട്ടത്തിൽകെട്ടിഅടിയും വടി
തട്ടിപ്പറിച്ചിതുഭീമൻ * ദുഷ്ടനെഭീമനന്നേരം ഇ
ട് വെട്ടിയപോലൊന്നടിച്ചാൻ*വെട്ടുമിടിയേററ
പോലെ തലപൊട്ടിമററങ്ങുവീണാൻ വാരി
ധിപോലെനിരന്നു ചോരനാലുവഴിയുമൊഴുകി
അപ്പോഴവനെയെടുത്തുമരം കൂട്ടിവച്ചങ്ങുമുറുക്കി
ച്ചേച്ചുയേറുന്നാമരത്തോ കൊണ്ടു ചേർത്തങ്ങുചാരി
നിറുത്തി * ഇപ്രകാരംപിടിച്ചൊക്കെകെട്ടിവായു
സുതനും നടന്നു * അഗ്രഗ്രാമത്തിലുംചെന്നു ഭീ
മൻ മാതാവിനെയുംവണങ്ങി * അഗ്രജപാദം
തൊഴുതു തന്റെസോദരന്മാരെപുണർന്നു * ഇ
ങ്ങനെ ചൊല്ലികളിക്കുന്നോർക്കുമംഗലം വന്നു
ങ്ങുകൂടും * പുത്രരുംസമ്പത്തുംവന്നുകൂടും മിത്ര
ത്തോടൊന്നിച്ചുവാഴാം

സമാപ്തം

## കടങ്കഥ

ഞാൻപാർക്കുന്നസ്ഥലം സമുദ്രത്തിലാകുന്നു എന്റെജന്മപ്പടം
ദിക്കിലാകുന്നു. എന്റെമാതാവു സമുദ്രമെന്നും പിതാവു സൂര്യനെ

12



ന്നാംപായാം. ഞാൻ അമ്മയുടെ അടുക്കൽ ഇരിക്കുമ്പോൾ എന്നെ ആരും കാണുകയില്ല. എന്റെ അമ്മ എന്നെ ഒരിക്കലും കാണാതെയിരിക്കില്ല. അപ്പനോടും അപ്പന്റെ ആണുങ്ങളോടും അടുക്കുമ്പോൾ ഞാൻ ഒരു ഉരുവാകുന്നു. അപ്പോൾ എന്നെ എല്ലാവരും വന്നു എടുക്കുകയും വിലമതിക്കുകയും ചെയ്യുന്നതാകുന്നു. തള്ളയുടെ അടുക്കലോ അവരുടെ ബന്ധുക്കളുടെ അടുക്കലോ ചെന്നാൽ എന്നെ ആരും കാണുകയില്ല. പിന്നെ ഞാൻ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കൊട്ടാരത്തിലും പുലയരുടെ മാടത്തിലും കയറുന്നതാകുന്നു. ജാതിഭേദങ്ങൾ എനിക്കില്ല എങ്കിലും കാലഭേദങ്ങളുണ്ടു. എനിക്കു പല നിറങ്ങളുണ്ടെങ്കിലും പരമാർത്ഥത്തിൽ ഒരു നിറമേയുള്ളു. എനിക്കു സഹോദരിമക്കളിൽ രണ്ടുമൂന്നുപേരുണ്ടെങ്കിലും ഞാനാകുന്നു മൂത്തിയവൻ. ഞാനൊരു നല്ല വൈദ്യനെങ്കിലും തണുപ്പിലിറങ്ങിയാൽ ക്ഷയംപിടിക്കും. എനിക്കു ഒരു ഗന്ധവുമില്ലെങ്കിലും ദുർഗ്ഗന്ധം വെറുപ്പാകുന്നു. ഞാൻ തനിച്ചിരുന്നാൽ എന്നെ ആരും തൊടുകയില്ല. കൂട്ടുകൂടിചെന്നാൽ കൊച്ചുകുട്ടികളുംവിഴുങ്ങും. ഞാൻ ഒരുവീട്ടിൽ കയറാതെയിരുന്നാലും അധിവസിച്ചാലും കലഹംതന്നെ. ക്രിസ്ത്യാനികൾ എന്നെ വേണ്ടുവണ്ണം ബഹുമാനിച്ചിരിക്കുന്നു. സകലജാതിക്കാരും എന്നെ മുഖ്യമായി ബഹുമാനിച്ചുവരുന്നു എന്ന അറിയുന്നവരാണെങ്കിൽ എന്റെ പേർപറയണം. പേരുപറവാൻ വയ്യാത്ത ജനങ്ങൾ പുസ്തകങ്ങൾ വാങ്ങിക്കൊണ്ടുചെന്നു നല്ല ബുദ്ധിമാന്മാരോടു ചോദിച്ചറിഞ്ഞ് തന്റെ മനസ്സിൽവെയ്ക്കുന്നതല്ലാതെ മറ്റാർക്കും പറഞ്ഞുകൊടുക്കരുതു.

“വിദ്യാഭിവർദ്ധിനി” പ്രെസ്സ് —കൊല്ലം.

1956 kk 2304 v

# പരസ്യം

കെ. ഗോവിന്ദപ്പിള്ള അവൎകളാൽ എഴുതപ്പെട്ട വിക്രമാദിത്യൻകഥ മൂന്നാംപതിപ്പു പരിഷ്കരിച്ചു "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടതു വില അണ ഫവ

ടിയാരാൽ എഴുതപ്പെട്ട, മദനകാമരാജൻകഥ൩-ാംപതിപ്പു "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടതു. വില അണ ൭. തപാൽകൂലിവകപുറമെ

മനോല്ലാസം വരുത്തുക്ക അനവധികഥകൾ, നാടകങ്ങൾ, വിനോദകരങ്ങളായ മററുംപലപുസ്തകങ്ങൾ ഉള്ളവയ്ക്കുംപുറമെ പള്ളിക്കൂടം സംബന്ധമായ പുസ്തകങ്ങളും ഇവിടെ വില്പാൻതയാറുണ്ടു്. എല്ലാവിവരവും അടങ്ങിട്ടുള്ള പട്ടിക, അരയണസ്റ്റാമ്പുസഹിതം ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കപ്പെടും.

എസ്. റി. റെഡ്യാർ
"വിദ്യാഭിവൎദ്ധിനി" ഉടമസ്ഥർ
കൊല്ലം
തിരുവിതാംകൂർ.

2,50

2,50

Bhīman-katha

# ഭീമൻകഥ.

olne I.

"വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം
ഉടമസ്ഥർ സുബ്ബയ്യാനെന്നാട്ടു
റെഡ്യാരുടെ ചിലവിന്മേൽ
ടി-അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

൨൦-ാം പതിപ്പ്.

൩൦൦൦-കാപ്പികൾ.

൧൦൮൦.
1080 = 1905

0-0-6